**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 761** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>കിടായിച്ചിറ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിലെ കിടായിച്ചിറ പദ്ധതി പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** കുന്നംകുളം മണ്ഡലത്തിലെ വേലൂർ പഞ്ചായത്തിലെ കിടായിച്ചിറയുടെ നവീകരണ പ്രവൃത്തി 37% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിലെ ഡീസിൽറ്റിംഗ്, ചിറയുടെ ചുറ്റും 480 മീറ്ററിൽ toe wall അതിന് മുകളിലായി top belt എന്നിവയുടെ നിർമ്മാണം, ചിറയിൽ നിന്നും വെള്ളം കൃഷി സ്ഥലത്തേക്ക് കൊണ്ടു പോകുന്നതിനായി 44 മീറ്റർ നീളത്തിൽ leading channel നിർമ്മാണം, സ്ലൂയിസുകളുടെ നിർമ്മാണം, elevated walkway യുടെ നിർമ്മാണത്തിനായുള്ള columns മുതലായ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി നിലവിൽ തടസപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ വേളയിൽ തദ്ദേശവാസികളുടെ പരാതി നിമിത്തം ഉദ്ദേശിച്ചിരുന്ന alignment -ൽ പണി നടത്താൻ സാധിച്ചില്ല. തുടർന്ന് boundary വീണ്ടും demarcate ചെയ്താണ് പണി നടത്തിയത്. Site Condition അനുസരിച്ച് പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടി വന്നതിനാൽ അവ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് 27/01/2026-ൽ അംഗീകാരം നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷാമം മൂലം പ്രവൃത്തി നടപ്പിലാക്കുവാൻ കരാറുകാരനു സാധിക്കാതെ വന്നതിനാൽ പ്രസ്തുത പ്രവൃത്തി ഭാഗികമായി തടസ്സപ്പെട്ടിരുന്നു. മൺസൂൺ ആരംഭിച്ചതിനാലും, തന്മൂലം കിടായിച്ചിറയിലേക്കുള്ള വഴി ഗതാഗത യോഗ്യമല്ലാതായതിനാലും പ്രവൃത്തി ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. Revised Estimate പ്രകാരമുള്ള toe wall നിർമ്മാണം, bund formation, drain, walkway എന്നിവയുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

**(സി)** പ്രവൃത്തിക്കുള്ള തടസങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** അനുകൂല കാലാവസ്ഥയാകുന്ന മുറയ്ക്ക് പ്രവൃത്തി പുനഃരാരംഭിച്ച് 2027 മെയ് മാസത്തോടു കൂടി പൂർത്തീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**